A

5001

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016-17

## കലാ, പ്രവൃത്തി, ആരോഗ്യകായിക വിദ്യാഭ്യാസം

ക്ലാസ്സ് : 5 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
3. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളണം.
4. മൂന്ന് വിഭാഗങ്ങൾക്കുമായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും 40 മിനുട്ട് വീതം സമയമാണ് ലഭിക്കുന്നത്.

## വിഭാഗം 1 - കലാപഠനം

1. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു പ്രകൃതിദൃശ്യം വരയ്ക്കുക. (20 മിനിട്ട് സമയം)

2. താഴെക്കൊടുത്തിരിക്കുന്നവയിൽ പ്രാഥമിക വർണം അല്ലാത്തത് ഏത് ?
(പച്ച, നീല, മഞ്ഞ, ചുവപ്പ് )

3. താഴെക്കൊടുത്തിരിക്കുന്ന ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ഒരു ചിത്രം വരയ്ക്കുക.



4. 'മടിയൻ മലചുമക്കും'

മനു അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണ്. പഠനത്തേക്കാൾ ഏറെ ടി.വി. കാണും. മൊബൈൽ ഗെയിം കളിക്കും. വൈകിയേ ഉറങ്ങു. വൈകിയേ ഉണരൂ. സ്കൂളിൽ എത്തുന്നതും വൈകിയാണ്. വൈകിയെത്തിയ മനുവും ടീച്ചറുമായുള്ള ഒരു സംഭാഷണം എഴുതുക. '***മടിയൻ മല ചുമക്കും***' എന്ന പഴഞ്ചൊല്ലിന്റെ ആശയം ഉൾപ്പെടുത്താൻ ശ്രമിക്കുമല്ലോ?

5. നാടകാവതരണത്തിന് ആവശ്യമായ മുന്നൊരുക്കങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക

6. ചില സംഗീതോപകരണങ്ങൾ കമ്പികൾ വലിച്ചു മുറുക്കിക്കെട്ടി ശബ്ദമുണ്ടാക്കുന്നവയാണ് (തന്ത്രിവാദ്യങ്ങൾ). താഴെ പറയുന്നവയിൽനിന്നും ഒരു തന്ത്രിവാദ്യം തെരഞ്ഞെടുത്ത് എഴുതുക.

(തബല, ഓടക്കുഴൽ, വീണ, ഇലത്താളം, ചെണ്ട.)

7. *'സാരെ ജഹാംസെ അച്ഛാ'* എന്ന പ്രശസ്തമായഗാനം ഏത് ഗാനശാഖയിൽപെടുന്നതാണ്?

(വിൽപ്പാട്ട്, ദേശഭക്തിഗാനം, അഷ്ടപദി, പുള്ളുവൻ പാട്ട് )

8. ദേശഭക്തിഗാനങ്ങൾ ക്ലാസ്സിലും സ്കൂളിലും ആലപിക്കുന്നതിന്റെ ലക്ഷ്യം.

(ദേശസ്നേഹം, കായികശേഷി, സംഘബോധം, താളബോധം)

9. ഗാനാലാപനത്തിൽ സൂക്ഷ്മത പാലിക്കേണ്ട ഘടകങ്ങൾ എന്തെല്ലാം?

10. താഴെ കൊടുത്തിരിക്കുന്ന നൃത്തരൂപങ്ങളിൽ ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാവുന്നവയെ തരംതിരിച്ചെഴുതുക.

(ഒപ്പന, തിരുവാതിരക്കളി, ഓട്ടൻ തുള്ളൽ, മാർഗം കളി, മോഹിനിയാട്ടം, ഭരതനാട്യം.)

| ഒറ്റയ്ക്ക് അവതരിപ്പിക്കുന്നവ | സംഘമായി അവതരിപ്പിക്കുന്നവ |
|---|---|
| 1. ____________________ | 1. ____________________ |
| 2. ____________________ | 2. ____________________ |
| 3. ____________________ | 3. ____________________ |

11. താഴെ പറയുന്നവയിൽ ശാസ്ത്രീയ നൃത്തരൂപം അല്ലാത്തത് ഏത് ?
(ഭരതനാട്യം, മോഹിനിയാട്ടം, നാടോടി നൃത്തം, കുച്ചുപ്പുടി)

12. താഴെ കൊടുത്തിരിക്കുന്നവയിൽ നൃത്തവുമായി ബന്ധമില്ലാത്ത പദം ഏത് ?
(ചുവട്, ചമയം, മുദ്ര, കാൻവാസ്)

13. നൃത്തത്തിൽ കൈവിരലുകൾ കൊണ്ട് ആശയം പ്രകടിപ്പിക്കുന്നതിന് ________ ____________________ എന്നു പറയുന്നു?
(മുദ്രകൾ, അടവുകൾ, ചമയം, അഭിനയം)

**വിഭാഗം 2 - പ്രവൃത്തിപഠനം**

1. രണ്ട് എ4 സൈസ് ഷീറ്റ് ഉപയോഗിച്ച് 32 പേജുള്ള ഒരു പോക്കറ്റ് ഡയറി തയ്യാറാക്കുക. (ചാർട്ട് പേപ്പർ ഉപയോഗിച്ച് പുറംചട്ട നിർമിക്കുക.)
2. നിങ്ങൾ നിർമിച്ച ഡയറിയുടെ നീളവും വീതിയും അളന്നെഴുതുക .

3. വിദ്യാലയത്തിലെ കിണർവെള്ളം ശുദ്ധീകരിക്കരിക്കുന്നതിന് സ്വീകരിക്കാവുന്ന മാർഗങ്ങൾ വിവരിക്കുക.

4. ഒരു തൂവാല മനോഹരമാക്കുന്നതിന് ഉപയോഗിക്കാവുന്ന പെയിന്റ് ഏത്?

5. പേപ്പർ ഗ്ലാസ് ഉപയോഗിച്ച് നിർമിക്കാവുന്ന ഏതെങ്കിലും രണ്ട് അലങ്കാര വസ്തുക്കളുടെ പേരെഴുതുക.

## വിഭാഗം 3 - ആരോഗ്യകായികവിദ്യാഭ്യാസം

1. താഴെപറയുന്ന വിവിധ ശരീരഭാഗങ്ങൾക്കുള്ള വാമിംഗ് അപ് എക്സർസൈസ് ടീച്ചറുടെ നിർദേശപ്രകാരം ചെയ്തുകാണിക്കുക.

   (കഴുത്ത്, കൈകൾ, ഉദരഭാഗം, കാലുകൾ - ഓരോ ശരീരഭാഗത്തിനും 2 എക്സർ സൈസ് വീതം)

2. നിങ്ങളുടെ സ്കൂളിലെ പ്രഥമശുശ്രൂഷാ കിറ്റിൽ സൂക്ഷിക്കേണ്ട സാമഗ്രികളുടെ പേര് രേഖപ്പെടുത്തുക.




3. ചുവടെ ചേർത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച് കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കാൻ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളെപ്പറ്റി വിശദമാക്കുക.



4. സ്കൂളിൽ സംഘടിപ്പിച്ച കായികമത്സരത്തിനിടയിൽ കാലിന് ചതവ് പറ്റിയ സഹപാഠിക്ക് എന്ത് പ്രഥമ ശുശ്രൂഷയാണ് നൽകുക.